മാറ്റി വെച്ചിട്ടുണ്ട്. മെഡിക്കൽ കോളേജുകളുടെ വികസനത്തിന് 17.5 കോടി രൂപ നൽകും. സ്കൂളുകളുടെ പഠന സൗകര്യങ്ങൾ മെച്ചപ്പെടുത്തി മിനിമം നിലവാരം ഉറപ്പുവരുത്താൻ അഞ്ച് കോടി രൂപയും വകയിരുത്തിയിരിക്കുന്നു.

3258 പുതിയ അങ്കണവാടികൾ ഏർപ്പെടുത്താനും അങ്കണവാടി ടീച്ചർമാർക്ക് 150 രൂപയും, ഹെൽപ്പർമാർക്ക് 75 രൂപയും ശമ്പള വർധന നൽകാനും ബജറ്റിൽ നിർദേശിച്ചിട്ടുണ്ട്.

അഞ്ചുലക്ഷം പേർക്ക് വൈദ്യുതി കണക്ഷൻ, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് സൗജന്യകണക്ഷൻ, മൂന്ന് രൂപയ്ക്ക് അരി വിതരണം ചെയ്യാൻ 60 കോടി രൂപ, തൊഴിലുറപ്പു പദ്ധതിക്ക് 20 കോടി, വയനാടിനും പാലക്കാടിനും പുറമെ ഇടുക്കി, കാസർഗോഡ് ജില്ലകളെയും കൂടി പിന്നോക്ക പ്രദേശ ഗ്രാന്റ് ഫണ്ടിന് കീഴിലാക്കൽ തുടങ്ങി സാധാരണക്കാർക്കായി അനേകം ക്ഷേമപദ്ധതികൾ ബജറ്റിലുൾപ്പെടുത്തിയിട്ടുണ്ട്.

പൊതുമേഖലാ വ്യവസായങ്ങൾ പുനരുദ്ധരിക്കാൻ 40 കോടി രൂപയാണ് നീക്കി വെച്ചിട്ടുള്ളത്. വ്യവസായ വികസനത്തിന് കൊച്ചി അന്താരാഷ്ട്ര വിമാനത്താവള കമ്പനിയുടെ മാതൃകയിൽ കമ്പനി രൂപവത്കരിക്കാനും കൊച്ചിയുടെ സമഗ്രവികസനത്തിന് പ്രത്യേക ഏജൻസിയെക്കൊണ്ട് പഠനം നടത്താനും ബജറ്റിൽ നിർദേശമുണ്ട്. ദ്രുതഗതിയിലുള്ള സാമ്പത്തിക വളർച്ച ലക്ഷ്യമാക്കി തിരുവനന്തപുരം-കൊല്ലം ദേശീയപാതയിൽ ഹൈടെക് കോറിഡോർ, പാലക്കാട്ട് ഇന്റഗ്രേറ്റഡ് ടെക്സ്റ്റൈൽ പാർക്ക്, വയനാട്ടിൽ കിൻഫ്രയുടെ ഭക്ഷ്യസംസ്കരണ പാർക്ക്, കണ്ണൂരിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി തുടങ്ങിയ പദ്ധതികൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്.



ടൂറിസം മേഖലയ്ക്ക് 77.57 കോടി രൂപ വകയിരുത്തിയിരിക്കുന്നു. മലബാറിന് പ്രത്യേക ടൂറിസം വികസന പദ്ധതിയും ശബരിമല മാസ്റ്റർ പ്ലാനിന് അഞ്ച് കോടി രൂപയും ബേക്കൽ ടൂറിസം പദ്ധതിയുടെ പ്രവർത്തനത്തിന് അധികമായി അഞ്ച് കോടി രൂപയും ഉൾക്കൊള്ളിച്ചിട്ടുണ്ട്.

സാമ്പത്തിക പ്രതിസന്ധിയിൽ നിൽക്കുന്ന സർക്കാരിന് പ്രവർത്തനമൂലധനം സമാഹരിക്കാൻ ഒട്ടേറെ നികുതി നിർദേശങ്ങളും പുതിയ ബജറ്റിലുണ്ട്. സ്വർണാഭരണങ്ങൾക്ക് നികുതി ഒരു ശതമാനത്തിൽ നിന്നും നാല് ശതമാനമാക്കി. റെഫ്രിജറേറ്റർ, വാക്വംക്ലീനർ, വാഷിംഗ് മെഷീൻ, ഓവൻ, എയർകണ്ടീഷ്ണർ, ഡിഷ് വാഷേഴ്സ്, മാർബിൾ, ടൈൽസ്, ഗ്രാനൈറ്റ്, പെയിന്റ്, ലാക്വേഴ്സ് പോളിഷ്, സാനിട്ടറി ഉപകരണങ്ങൾ, ഹെൽത്ത് ഡ്രിങ്കുകൾ, സോഫ്ട് ഡ്രിങ്കുകൾ, മിനറൽ വാട്ടർ തുടങ്ങിയവയ്ക്ക് 20% നികുതി ഏർപ്പെടുത്തി. ശ്രവണസഹായി, ഡയാലിസിസ് ഉപകരണങ്ങൾ ഐ.വി. ഫിസ്റ്റിലൂർസ്, പെരിഡോണിയൽ ഡയാലിസിസിന് ഉപയോഗിക്കുന്ന സൂചികൾ എന്നിവയുടെ നികുതി 12.5 ശതമാനത്തിൽ നിന്നും നാലായി കുറച്ചു. ജനകീയ ഇടപെടലിൽകൂടി നികുതി പിരിവ് ഊർജിതമാക്കാൻ ബജറ്റിൽ നിർദേശമുണ്ട്. 100 രൂപയ്ക്ക് മുകളിലുള്ള വില്പനയ്ക്ക് ബില്ല് കർശനമാക്കും. ബില്ലു വാങ്ങാൻ ഉപഭോക്താക്കളെ പ്രോത്സാഹിപ്പിക്കുന്നതിന് ഓരോ ആയിരം രൂപയുടെ ബില്ലിനും ലോട്ടറി ഏർപ്പെടുത്തും.

വില്പനനികുതിയിൽ 4000 കോടി രൂപ അധികം പിരിക്കാൻ ലക്ഷ്യമിടുന്ന ബജറ്റിൽ 19140.04 കോടി രൂപ വരവും 242554.82 കോടി രൂപ ചെലവും 5414.78 കോടി രൂപ റവന്യൂ കമ്മിയും കാണുന്നു.

# നേതൃത്വം



34 വില്ലേജുകളെയാണ് കാലവർഷക്കെടുതി ബാധിച്ചത്. 6596 ഹെക്ടർ സ്ഥലത്ത് കൃഷിനാശം സംഭവിച്ചിട്ടുണ്ട്. ഇതുമൂലം 851.9 ലക്ഷം രൂപയുടെ നഷ്ടമുണ്ടായതായി കണക്കാക്കപ്പെടുന്നു. 273 വീടുകൾ പൂർണമായും 8154 വീടുകൾ ഭാഗികമായും തകർന്നു. ഇതുമൂലം 294.04 ലക്ഷം രൂപയുടെ നഷ്ടമുണ്ടായി. 16.07 കോടി രൂപയുടെ പൊതുമുതൽ നശിച്ചിട്ടുണ്ട്. 14 ദുരിതാശ്വാസ ക്യാമ്പുകൾ തുറക്കുകയും 3269 പേരെ മാറ്റിപ്പാർപ്പിക്കുയും ചെയ്തു. ഇവർക്ക് ഭക്ഷണവും മരുന്നും മറ്റും യഥാസമയം എത്തിക്കുന്നതിൽ ഉദ്യോഗസ്ഥർ ജാഗരൂകരായിരുന്നു. 14 മെഡിക്കൽ സംഘങ്ങൾ ഇവിടെ സേവനത്തിനായി നിയോഗിക്കപ്പെട്ടിരുന്നു, അതുകൊണ്ടുതന്നെ പകർച്ച വ്യാധികളൊന്നും ഉണ്ടായിട്ടില്ല എന്നതും ശ്രദ്ധേയമാണ്.

ppാൾ.

കെ. ശശികുമാർ
ജില്ലാ ഇൻഫർമേഷൻ ഓഫീസർ, ആലപ്പുഴ

# പാരമ്പര്യത്തിന്റെ രൂപഭദ്രത



പാരമ്പര്യത്തിൽ നിന്ന് ആർജിച്ചെടുത്തതാണ് ശില്പി എ.കെ. ശിവദാസിന്റെ രൂപബോധം. സാമൂഹിക വിമർശനത്തിന്റെ കൂർത്തമുനകളാൽ അദ്ദേഹം കൊത്തിയെടുക്കുന്ന ശില്പങ്ങൾ ഒരുപോലെ സുന്ദരവും ഭാവതീവ്രവുമാണ്. സംസ്ഥാന ലളിതകലാ അക്കാദമി പുരസ്കാരത്തിന് അർഹമായ 'ഹണ്ടേഴ്സ് ട്രോഫി ആന്റ് എ ഡ്രോപ്പ് ഓഫ് ബ്ലഡ്' എന്ന ശില്പം തന്നെ ഇതിന് ഉത്തമ മാതൃക. വേട്ടക്കാർ വിജയചിഹ്നമായി പ്രദർശിപ്പിക്കുന്ന പെൺമൃഗത്തിന്റെ ശിരസ്സാണ് ശില്പത്തിലെ പ്രധാന ഭാഗം. പരിസ്ഥിതിക്ക് നേരെ മനുഷ്യൻ നടത്തുന്ന ക്രൂരതയ്ക്കെതിരെയാണ് ശില്പി വിരൽ ചൂണ്ടുന്നത്.

കോട്ടയം ജില്ലയിലെ വെച്ചൂർ സ്വദേശിയായ എ.കെ. ശിവദാസ് വയനാട് കലക്ടറേറ്റിൽ റവന്യൂവകുപ്പ് ജീവനക്കാരനാണ്. ക്ഷേത്രനിർമാണവുമായി ബന്ധപ്പെട്ട ശില്പവേലകൾ ചെയ്യുന്ന ശില്പികളുടെ കുടുംബത്തിലാണ് ജനനം.

കളിമണ്ണിലും ശില്പനിർമിതി ചെയ്യാറുള്ള ശിവദാസിന് മരമാണ് ഇഷ്ടമാധ്യമം. 2005 നവംബറിൽ ഫോർട്ട് കൊച്ചിയിലെ ദ്രവീഡിയ ആർട്ട് ഗാലറിയിൽ ഏകാംഗ ശില്പചിത്രപ്രദർശനം നടത്തിയിട്ടുണ്ട്.



കെ.ടി. ശേഖരൻ
അസി. ഇൻഫർമേഷൻ ഓഫീസർ,
വയനാട്